തുടങ്ങാൻ സഹായം നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഹാഡ്സ് മാതൃകയിലുള്ള പദ്ധതി വയനാട്ടിൽ ആരംഭിക്കാൻ വിശദമായ പദ്ധതി രേഖ തയ്യാറാക്കാൻ സർക്കാർ അഹാഡ്സിനോട് ആവശ്യപ്പെട്ടിരുന്നു. പദ്ധതി രേഖയുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഹാഡ്സ് മാതൃക പദ്ധതി വയനാട്ടിൽ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. നിർദ്ദിഷ്ട ജെ.ഐ.സി.എ. സഹായ പദ്ധതിയുടെ മുന്നോടിയായി പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ വയനാട്ടിലെ അഞ്ച് പ്രദേശങ്ങളായ ഓണി വയൽ, സുഗന്ധഗിരി, ഭൂദാനം, പൂവത്തിപണിയകോളനി, മാന്ദാനം അടിയകോളനി എന്നിവിടങ്ങളിൽ പദ്ധതികളാരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പൈതൃകഗ്രാമ സംരക്ഷണത്തിനായി സ്വീകരിച്ച നടപടി

138 (6056) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പാത്തി പൈതൃക ഗ്രാമത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പൈതൃകഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടശേഷം ഇവിടെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) പൈതൃക ഗ്രാമ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 11-11-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 210/2009/തസ്വഭവ പ്രകാരം പാലക്കാട് ടൗണിനു വേണ്ടിയുള്ള ഡെവലപ്മെന്റ് പ്ലാനിന്റെ അംഗീകരിച്ച, പരിഷ്കരിച്ച സോണിംഗ് റെഗുലേഷനിലെ നമ്പർ 14 പ്രകാരം, കൽപ്പാത്തി ഏരിയായിൽപ്പെടുന്ന ഭൂവികസനങ്ങൾക്കും, നിർമ്മാണ പ്രവർത്തനങ്ങൾക്കും ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷന്റെയോ, കമ്മിഷൻ നിയോഗിച്ചിരിക്കുന്ന കമ്മിറ്റിയുടെയോ അനുമതി ആവശ്യമാണ്. ഈ ഏരിയായിൽപ്പെടുന്ന നിർമ്മാണങ്ങൾക്ക് സ്ട്രീറ്റിന്റെ തലത്തിൽ നിന്നും നിലവിലുള്ളതുൾപ്പെടെ രണ്ടു നിലകളിലും, കെട്ടിടത്തിന്റെ മൊത്തം ഉയരം 9 മീറ്ററിലും കൂടുതൽ ആകരുത്. ടി നിർമ്മാണങ്ങളുടെ ആർക്കിടെക്ചറൽ ക്യാരക്ടർ, കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം.

(ബി & സി) കൽപ്പാത്തി പ്രദേശങ്ങളിലെ നിർമ്മാണങ്ങൾ, പുനർനിർമ്മാണങ്ങൾ, കൂട്ടിച്ചേർക്കൽ എന്നിവയുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുന്ന പ്ലാനുകൾ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷൻ/കമ്മിറ്റി പരിശോധിച്ച് നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റി വഴി നൽകി വരുന്നു. കൂടുതലും ഗാർഹിക ഉപയോഗത്തിനുള്ള കെട്ടിടങ്ങളുടെ പ്ലാനുകളാണ് ഇത്തരത്തിൽ ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly